**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1175** **02-02-2026 - ൽ മറുപടിയ്ക്ക്**

**ചിറയിൻകീഴ് മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി** | | **ശ്രീ സജി ചെറിയാൻ**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലയളവിലും നിലവിലെ സർക്കാരിന്റെ കാലയളവിലും ചിറയിൻകീഴ് മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കാമോ? | (എ) | മുൻ സർക്കാരിന്റെ കാലയളവിൽ ചിറയിൻകീഴ് നിയോജക മണ്ഡലത്തിൽ അഞ്ചുതെങ്ങ്, ചിറയിൻകീഴ്, കഠിനംകുളം എന്നീ പഞ്ചായത്തുകളിൽ സാഫ് മുഖേന ചെറുകിടതൊഴിൽ സംരംഭ പദ്ധതി (ഡിഎംഇ), ജെഎൽജി, റിവോൾവിംഗ് ഫണ്ട്, സാങ്കേതിക നവീകരണ പദ്ധതി,ബാങ്ക് വായ്പക്കുള്ള പലിശ സബ്സിഡി എന്നീ പദ്ധതികൾക്ക് തുക നൽകിയിട്ടുണ്ട്.ആകെ 58,95,606/- രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള തുക സംബന്ധിച്ച വിവരം **അനുബന്ധം - I** ആയി ചേർക്കുന്നു.<br><br>നിലവിലെ സർക്കാരിന്റെ കാലയളവിൽ ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ അഞ്ചുതെങ്ങ്, ചിറയിൻകീഴ്, കഠിനംകുളം എന്നീ പഞ്ചായത്തുകളിൽ ഫിഷറീസ് വകുപ്പ് സാഫ് മുഖേന ചെറുകിടതൊഴിൽ സംരംഭ പദ്ധതി(ഡിഎംഇ), ജെഎൽജി, റിവോൾവിംഗ് ഫണ്ട്, സാങ്കേതിക നവീകരണ പദ്ധതി,ബാങ്ക് വായ്പക്കുള്ള പലിശ സബ്സിഡി, സീ ഫുഡ് റെസ്റ്റോറന്റ് എന്നീ പദ്ധതികൾക്കായി തുക നൽകിയിട്ടുണ്ട്. ആകെ 99,39,994/- രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള തുക സംബന്ധിച്ച വിവരം **അനുബന്ധം - II** ആയി ചേർക്കുന്നു.<br><br>മുൻ സർക്കാരിന്റെ കാലയളവിലും നിലവിലെ സർക്കാരിന്റെ കാലയളവിലും ചിറയിൻകീഴ് മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ, ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എന്നിവ **അനുബന്ധം - III** ആയി ചേർക്കുന്നു. |

**<u>ഫിഷറീസ് ജില്ലാ ഓഫീസ് മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികൾ</u>**

1. **ഭവന പദ്ധതികൾ**

2016 - 2026 കാലയളവിൽ നടപ്പാക്കിയ ഭവന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഇതിൽ പുനർഗേഹം പദ്ധതി ഇപ്പോഴും തുടരുന്നുണ്ട്.

a.കടൽ ക്ഷോഭത്തിൽ ഭവനം നഷ്ടപ്പെട്ടവർക്കുള്ള ഭൂമിയും വീടും നൽകൽ പദ്ധതി (അഭയം)

ആകെ ഗുണഭോക്താക്കൾ-120

ചെലവാക്കിയ തുക : 1200 ലക്ഷം രൂപ

b. ഭൂമിയും വീടും ഇല്ലാത്ത മത്സ്യത്തൊഴിലാളി കുടുംബത്തിന് ഭൂമിയും വീടും നൽകൽ പദ്ധതി (Landless homeless)

ആകെ ഗുണഭോക്താക്കൾ-79

ചെലവാക്കിയ തുക : 790 ലക്ഷം രൂപ

c. BIF & HDF (2017 - 18) ഭവന പദ്ധതി

വേലിയേറ്റ രേഖയിൽ നിന്നും 50 മീ. ഉള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസം

ആകെ ഗുണഭോക്താക്കൾ : 185

ചെലവാക്കിയ തുക : 1850 ലക്ഷം രൂപ

d. പുനർഗേഹം പദ്ധതി

തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീ. ഉള്ളിൽ താമസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും പുനരധിവസിപ്പിക്കുന്ന ബൃഹത് പദ്ധതി ആണ് ഇത്.

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർ : 2517

ഭൂമി രജിസ്റ്റർ ചെയ്തവർ : 968

ഭവന നിർമ്മാണം പൂർത്തിയാക്കിയവർ: 525

നാളിത് വരെ ചെലവാക്കിയ തുക : 6750 ലക്ഷം രൂപ

e. ദേശീയ മത്സ്യത്തൊഴിലാളി ഭവന പദ്ധതി (2016 - 17) ധനസഹായം 2 ലക്ഷം രൂപ

ഗുണഭോക്താക്കൾ-12

ചെലവാക്കിയ തുക : 24 ലക്ഷം

f. BIF & HDF (2016 -17) ഭവന പദ്ധതി 2 ലക്ഷം രൂപ

ഗുണഭോക്താക്കളുടെ എണ്ണം -94

ചെലവാക്കിയ തുക : 188 ലക്ഷം രൂപ

g. കേരള സംസ്ഥാന തീരദേശ കോർപ്പറേഷൻ ഫണ്ട് മുഖേന നടപ്പാക്കിയ ഭവന പദ്ധതി (2016 - 17)

ഗുണഭോക്താരളുടെ എണ്ണം -5

ചെലവാക്കിയ തുക : 10 ലക്ഷം

h. ഭൂമിയുള്ളവർക്ക് ഭവനം നൽകൽ പദ്ധതി

ഗുണഭോക്താകളുടെ എണ്ണം -11

ആകെ ചെലവാക്കിയ തുക : 110 ലക്ഷം രൂപ

ഭവന പദ്ധതികൾക്കായി 2016 - 2025 കാലഘട്ടത്തിൽ ചിറയിൻകീഴ് മണ്ഡലത്തിൽ 10172 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

**2. സമ്പാദ്യ സമാശ്വാസ പദ്ധതി ( SCRS )**

ഫിഷറീസ് വകുപ്പ് എല്ലാ വർഷവും നടത്തുന്ന പദ്ധതിയാണിത്. 2016 - 2026 കാലയളവിൽ പദ്ധതി ആനുകൂല്യം 2700 രൂപയിൽ നിന്നും 4500 രൂപയായി സർക്കാർ വർദ്ധിപ്പിച്ചു. പദ്ധതിയുടെ പ്രയോജനം എല്ലാ വർഷവും നേരിട്ട് ശരാശരി 3300 അംഗത്വമുള്ള മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്.

**3. ഭവന പുനരുദ്ധാരണ പദ്ധതി**

2016 - 17 സാമ്പത്തിക വർഷത്തിൽ അര ലക്ഷം രൂപ വീതം 248 വീടുകൾക്കും 145 കോളനി വീടുകൾക്കും ആനുകൂല്യം നൽകിയിട്ടുണ്ട്.

ആകെ ചെലവാക്കിയ തുക : 196.5 ലക്ഷം രൂപ

2025-26 ൽ 67 പേർക്ക് 1 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

ആകെ ചെലവാക്കിയ തുക : 67 ലക്ഷം രൂപ

**4. സാനിട്ടേഷൻ (Toilet)**

2016 - 17 സാമ്പത്തിക വർഷത്തിൽ 17500 രൂപ വീതം 80 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

ചെലവാക്കിയ തുക: 1400000 രൂപ

**5. മത്സ്യത്തൊഴിലാളി ഭവനങ്ങളുടെ പുന: വൈദ്യുതീകരണം**

2016 - 17 കാലയളവിൽ 20000 രൂപ വീതം 211 കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ട്. ആകെ ചെലവാക്കിയ തുക : 42.2 ലക്ഷം രൂപ

**6. കടൽ സുരക്ഷാ ഉപകരണങ്ങളുടെ വിതരണം ( 75% സബ്സിഡിയോടു കൂടി )**

a . GPS

2021 - 22 ൽ 81 പേർക്കും 22 - 23 ൽ 38 പേർക്കും ഉൾപ്പെടെ ആകെ 119 പേർക്ക് GPS നൽകിയിട്ടുണ്ട്.

b. ലൈഫ് ജാക്കറ്റ്

2019-20 ൽ 1188 പേർക്ക് ലൈഫ് ജാക്കറ്റ് വിതരണം ചെയ്തു.

c. നാവിക്

87 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്

d. ലൈഫ് ബോയ

88 പേർക്ക് നൽകിയിട്ടുണ്ട്.

e.ട്രാൻസ്പോണ്ടർ 107 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്

f. 10000 രൂപ വിലയുള്ള കടൽ സുരക്ഷാ കിറ്റ് 75% സബ്സിഡിയിൽ 69 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്

**7. മത്സ്യബന്ധന യാനങ്ങളുടെ ഇൻഷ്വറൻസ് പദ്ധതി (90% സബ്സിഡി)**

2019 - 20 ൽ 177 പേരും 2021 - 22 ൽ 101 പേരും 2022-23 ൽ 95 പേരും 23 - 24 ൽ 125 പേരും 24 - 25 ൽ 140 പേരും 25-26 ൽ ഇത് വരെ 155 പേരും ഈ പദ്ധതിയുടെ ഭാഗമായിട്ടുണ്ട്.

**8. കടൽ സുരക്ഷ സ്ക്വാഡ്**

2018 ലെ പ്രളയ രക്ഷാപ്രവർത്തനങ്ങളിൽ പങ്കാളികളായ മത്സ്യത്തൊഴിലാളി യുവാക്കളെ ഉൾപ്പെടുത്തി കടൽ സുരക്ഷാ സ്ക്വാഡ് രൂപീകരിച്ചു. 25 പേർക്ക് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സ് (NIWS) ഗോവയിൽ സർക്കാർ ചെലവിൽ പരിശീലനം നൽകി പവർ ബോട്ട് ഓപ്പറേഷൻ ലൈസൻസും ലൈഫ് ഗാർഡ് ലൈസൻസും സീ റെസ്ക്യൂ സർട്ടിഫിക്കറ്റും ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ പരിശീലനം

ലഭിച്ചവരിൽ ചിലർ ഫിഷറീസ് വകുപ്പിന്റെ മറൈൻ എൻഫോഴ്സ് മെന്റിലും കോസ്റ്റൽ പോലീസ് സ്റ്റേഷനിലും താൽക്കാലികമായി ജോലിചെയ്ത് വരികയാണ്.

**9. ബോധവത്ക്കരണ പരിപാടികളും മെഡി. ക്യാമ്പും**

2016 - 26 കാലയളവിൽ പരിശീലന ബോധവത്ക്കരണ പരിപാടികളുടെ ഭാഗമായി കരിയർ ഗൈഡൻസ്, എഡ്യുഫെസ്റ്റ്, ബോധവത്ക്കരണ ക്ലാസ്സുകൾ, മെഡി. ക്യാമ്പുകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.തീരോന്നതി പദ്ധതിയുടെ ഭാഗമായി അറിവ് 2022 എന്ന പേരിൽ മത്സ്യത്തൊഴിലാളികൾക്കുള്ള ബോധവത്ക്കരണ ക്ലാസ്സ് 20.08.2022 ന് അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടത്തിയിട്ടുണ്ട്.തീരോന്നതി പദ്ധതിയുടെ ഭാഗമായി 'സൗജന്യ മെഡി. ക്യാമ്പ് മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായി 07.01.2023 ന് അഞ്ചുതെങ്ങ് ഗവ. ബി ബി എൽപി സ്കൂളിൽ വച്ച് നടത്തിയിട്ടുണ്ട്. 2024-25 ൽ മാമ്പള്ളി സെൻറ് അലോഷ്യസ് സ്കൂളിൽ വച്ച് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു.

ഫിഷറീസ് വകുപ്പ് സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമൻ (SAF) ന്റെ ഭാഗമായി ലഹരി വിമുക്ത പ്രചരണ പരിപാടി - ബോധവത്ക്കരണം 16.10.20ന് അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടത്തിയിട്ടുണ്ട്. 2024- 25 കാലയളവിൽ 3 ബോധവത്ക്കരണ ക്ലാസും 25-26 ൽ 7 ബോധവത്ക്കരണ ക്ലാസും സംഘടിപ്പിച്ചു. ഈ പദ്ധതിയുടെ ഭാഗമായി എല്ലാവർഷവും ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാറുണ്ട്.

**10. ശുചിത്വ സാഗരം - സുന്ദര തീരം**

പദ്ധതിയുടെ ആദ്യഘട്ടമായ ബോധവത്ക്കരണത്തിന്റെ ഭാഗമായി പെരുമാതുറയിലും കായിക്കരയിലും കടലോര നടത്തവും മാമ്പള്ളി, അഞ്ചുതെങ്ങ്, പൂത്തുറ എന്നിവിടങ്ങളിൽ മെഴുകുതിരി ജാഥകളും സംഘടിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കാൻ താത്പര്യമുള്ള 65 സന്നദ്ധ പ്രവർത്തകർ ഇതിനോടകം ശുചിത്വ സാഗരം സുന്ദര തീരം സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**11. ഇൻസുലേറ്റഡ് ഐസ് ബോക്സ് വിതരണം ( 75% സബ്സിഡിയോടു കൂടി )**

2021 - 22 ൽ 65 പേർക്കും 2022 - 23 ൽ 36 പേർക്കും 24-25 ൽ 40 പേർക്കും 25-26 ൽ 40 പേർക്കും ചേർത്ത്

ആകെ 181 പേർക്ക് വിവിധ അളവുകളിലുള്ള ഐസ് ബോക്സ് വിതരണം ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷവും പദ്ധതി തുടരുന്നുണ്ട്.

**12.SFMC (സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ)**

മണ്ഡലത്തിലെ എല്ലാ മത്സ്യ ഗ്രാമങ്ങളിലും വില്ലേജ് തല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ(VFMC) രൂപീകരിച്ചിട്ടുണ്ട്. എല്ലായിടത്തും VFMC നാളിതുവരെ പ്രധാനപ്പെട്ട അജണ്ടകൾ ഉൾപ്പെടുത്തി 3 വീതം മീറ്റിംഗുകളും ചേർന്നിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ SUSTAINABLE MARINE FISHING PRACTICES എന്ന പദ്ധതിയുടെ ഒരു ഘടകമായ Training & Awareness programme അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് ഹാളിൽ വച്ച് 30.11.2022 ന് നടത്തിയിട്ടുണ്ട്.

**13. ഡിസ്ട്രസ് റിലീഫ് ഫണ്ട് - ഓഖി**

2017 - 18 വർഷത്തിൽ ഓഖി റിലീഫ് ഫണ്ടായി 2386 മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് 2000 രൂപ വീതം നൽകിയിട്ടുണ്ട്.

**14. റിലീഫ് ടു ഫിഷർമെൻ ഫാമിലി ഇൻ 2019 (കോവിഡ്)**

2019 ൽ കോവിഡ് 19 മായി ബന്ധപ്പെട്ട് ആശ്വാസ തുക 2000 രൂപ വീതം 2155 കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ട്.

**15. റിലീഫ് ഡ്യൂ ടു വെതർ വാണിംഗ്**

2021 - 22 , 2022 - 23 കാലയളവിൽ കാലാവസ്ഥ പ്രവചനം മൂലം തൊഴിൽ മുടങ്ങിയ 2236 മത്സ്യത്തൊഴിലാളികൾക്ക് 3000 രൂപ വീതം നൽകിയിട്ടുണ്ട്.

**16.ടൗട്ടേ ചുഴലിക്കാറ്റിന് നഷ്ടപരിഹാരം**

ടൗട്ടേ ചുഴലിക്കാറ്റടിച്ച് തൊഴിൽ നഷ്ടപ്പെട്ട 6 ദിവസത്തേക്ക് 1200 രൂപ 2210 മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്.

**17.കപ്പൽ തീപിടുത്തം നഷ്ടപരിഹാരം**

വിഴിഞ്ഞം അന്താരാഷ്ട്ര കപ്പൽ പാതയിൽ ELSA Ship wreck മായി ബന്ധപ്പെട്ട് 3000 രൂപ വീതം 3451 പേർക്ക് നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന ഏഴ് സഹകരണ സംഘങ്ങൾ വഴി മുൻ സർക്കാരിന്റെ കാലയളവിലും നിലവിലെ സർക്കാരിന്റെ കാലയളവിലും മത്സ്യഫെഡ് വഴി നടപ്പിലാക്കിയ പദ്ധതിയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം **അനുബന്ധം - IV** ആയി ചേർക്കുന്നു.<br><br>മുൻ സർക്കാരിന്റെ കാലയളവിലും ഈ സർക്കാരിന്റെ കാലയളവിലും ചിറയിൻകീഴ് മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ **അനുബന്ധം - V** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – I**

| ക്രമ നം. | പദ്ധതിയും ഘടകങ്ങളും | ഗ്രൂപ്പുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | ചെറുകിടതൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതി(ഡിഎംഇ) | 12 | 27 | 22,36,102/- |
| 2 | സാങ്കേതിക നവീകരണ പദ്ധതി | 11 | 23 | 5,10,485/- |
| 3 | വർക്കിംഗ് ക്യാപിറ്റൽ റിവോൾ വിംഗ് ഫണ്ട് | 35 | 76 | 13,95,000/- |
| 4 | ഗ്രാജ്വേറ്റിംഗ് ആക്ടിവിറ്റി ഗ്രൂപ്പ്സ് ടു ബിസിനസ്സ് ഗ്രൂപ്പ്സ് (പലിശ സബ്സിഡി) | 13 | 29 | 2,04,019/- |
| 5 | ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) | 31 | 155 | 15,50,000/- |
| **ആകെ** | | **102** | **310** | **58,95,606** |

## അനുബന്ധം – II

| ക്രമന ം. | പദ്ധതിയും ഘടകങ്ങളും | ഗ്രൂപ്പുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതി (ഡിഎംഇ) | 8 | 18 | 17,94,029/- |
| 2 | സാങ്കേതിക നവീകരണ പദ്ധതി | 14 | 34 | 2,69,860/- |
| 3 | വർക്കിംഗ് ക്യാപിറ്റൽ റിവോൾ വിംഗ് ഫണ്ട് | 30 | 68 | 15,80,000/ |
| 4 | ഗ്രാജ്വേറ്റിംഗ് ആക്ടിവിറ്റി ഗ്രൂപ്പ്സ് ടു ബിസിനസ്സ് ഗ്രൂപ്പ്സ് (പലിശ സബ്സിഡി) | 13 | 28 | 46,105/- |
| 5 | ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) | 69 | 345 | 57,50,000/- |
| 6 | സീ ഫുഡ് റെസ്റ്റോറന്റ് | 1 | 5 | 5,00,000/- |
| **ആകെ** | | **135** | **498** | **99,39,994** |

<u>**അനുബന്ധം - III**</u>

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) | നിലവിലെ അവസ്ഥ |
|---|---|---|---|---|
| | **2016-17 സാമ്പത്തിക വർഷം** | | | |
| 1 | ചമ്പാവ് ഫിഷർമെൻ കോളനി ഡ്രെയിനേജ് നിർമ്മാണം | 55.00 | 33.25 | പദ്ധതി പൂർത്തീകരിച്ചു. |
| | **2017-18 സാമ്പത്തിക വർഷം** | | | |
| 1 | ആയുർവേദ ആശുപത്രി കടയ്ക്കാവൂർ - പുതിയ ഐ പി ബ്ലോക്ക് നിർമ്മാണം | 159.00 | 92.20 | പദ്ധതി പൂർത്തീകരിച്ചു. |
| 2 | പുതുക്കുറിച്ചി, കൊച്ചുതുറ കൃത്രിമപ്പാര് സ്ഥാപിക്കൽ | 100.00 | 84.81 | പദ്ധതി പൂർത്തീകരിച്ചു. |
| | **2023-24 സാമ്പത്തിക വർഷം** | | | |
| 1 | എ ജെ കോംപ്ലക്സ്, പുതുക്കുറിച്ചി കോളനി പുനർ നിർമ്മാണം (ഒന്നാം ഘട്ടം) | 80.00 | 75.78 | പദ്ധതി പൂർത്തീകരിച്ചു. |
| | **കിഫ്ബി പദ്ധതി** | | | |
| 1 | ജി എൽ പി എസ് പെരുമാതുറ വികസനം | 73.14 | 67.71 | പദ്ധതി പൂർത്തീകരിച്ചു. |
| 2 | കടയ്ക്കാവൂർ മത്സ്യ മാർക്കറ്റ് നിർമ്മാണം | 265.83 | 0 | പദ്ധതി ആരംഭഘട്ടത്തിൽ |
| 3 | മുതലപ്പൊഴി തീര സംരക്ഷണ പ്രവൃത്തി | 2651.00 | 877.22 | പദ്ധതി പുരോഗമിക്കുന്നു |

<u>**അനുബന്ധം – IV**</u>

| **ക്രമ നം.** | **പദ്ധതി** | **ചെലവഴിച്ച തുക (ലക്ഷത്തിൽ)** |
|---|---|---|
| 1 | ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ (എൻ.സി.ഡി.സി) സഹായത്തോട് കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ. എഫ്. ഡി. പി) | 1089.45 |
| 2 | ദേശീയപിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ. ബി. സി. എഫ്. ഡി. സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ. എം. ഡി. എഫ്. സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധന സഹായത്തോട് കൂടിയുള്ള മൈക്രോഫിനാൻസ് വായ്പാ പദ്ധതി | 2498.40 |
| 3 | മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പ പദ്ധതി | 1105.80 |
| 4 | ദേശീയപിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ. ബി. സി. എഫ്. ഡി. സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ. എം. ഡി. എഫ്. സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധന സഹായത്തോട് കൂടിയുള്ള ടേം വായ്പാ പദ്ധതി | 33.13 |
| 5 | പ്രധാൻ മന്ത്രി മത്സ്യസമ്പദാ യോജനാ പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് എഫ്. ആർ. പി. വള്ളം, എഞ്ചിൻ എന്നിവ നൽകുന്ന പദ്ധതി | 49.28 |
| 6 | പ്രധാൻ മന്ത്രി മത്സ്യസമ്പദാ യോജനാ പദ്ധതിയിൽ ഉൾപ്പെടുത്തി സഹകരണ സംഘങ്ങളെ എഫ്. എഫ്. പി. ഒ ആക്കി മാറ്റുന്ന പദ്ധതി | 9.83 |
| 7 | ആഴക്കടൽ മത്സ്യബന്ധന പദ്ധതി | 19.99 |
| | **ആകെ** | **4805.88** |

## അനുബന്ധം – V

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ വികസനപ്രവൃത്തികൾ (PMMSY) | 17700 | ടെട്രാപോഡുകളുടെ കാസ്റ്റിംഗ്, ബ്രേക്ക് വാട്ടർ നിർമ്മാണം, ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം, ഡ്രെഡ്ജിംഗ് എന്നിവ പുരോഗമിക്കുന്നു. | 82333041/- |
| 2 | മുതലപ്പൊഴി ഫിഷറി ഹാർബർ (KIIFB) | 2651.00 | ഗ്രോയ്ൻ 1 പൂർത്തിയായി. ഗ്രോയ്ൻ 2 (90%), ഗ്രോയ്ൻ 3 (70 മീറ്റർ) പൂർത്തിയായി. ഗ്രോയ്ൻ 6 പുരോഗമിക്കുന്നു. | 129307514/- |
| 3 | പെരുമാതുറ ബീച്ച് വികസനം (Tourism) | 300.00 | പ്രവൃത്തി പൂർത്തീകരിച്ചു. | 25907220/- |
| 4 | മുതലപ്പൊഴി ഹാർബർ ടോയ്ലറ്റ് ബ്ലോക്ക് നിർമ്മാണം | 21.50 | പ്രവൃത്തി പൂർത്തീകരിച്ചു. | 1803421/- |
| 5 | ഹാർബർ റോഡ് നവീകരണം (പെരുമാതുറ സെക്ഷൻ) | 12.50 | പ്രവൃത്തി പൂർത്തീകരിച്ചു. | 1229361/- |
| 6 | മുതലപ്പൊഴി ഹാർബർ – CRZ ക്ലിയറൻസ്, EIA പഠനം | 38.10 | പ്രവൃത്തി പൂർത്തീകരിച്ചു. | 3810000/- |

## 2. റോഡ് പ്രവൃത്തികൾ (Road Works)

| വർഷം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ | ചെലവഴിച്ച തുക (രൂപ) |
|---|---|---|---|---|
| 2016-17 | അഞ്ചുതെങ്ങ് പഞ്ചായത്ത് കേട്ടുപുര പോലീസ് സ്റ്റേഷൻ റോഡ് | 36.2 | പൂർത്തീകരിച്ചു | 2502369/- |
| 2018-19 | ചേരമാൻ തുരുത്ത് കൊട്ടാരം തുരുത്ത് | 72.00 | പൂർത്തീകരിച്ചു | 6700590/- |

| | | | | |
|---|---|---|---|---|
| | റോഡ് നവീകരണം | | | |
| 2020-21 | ശിങ്കാരത്തോപ്പ് - മുതലപ്പൊഴി റോഡ് | 123.7 | പൂർത്തീകരിച്ചു | 12948319/- |
| 2022-23 | മുതലപ്പൊഴി - പുതുകുറിച്ചി റോഡ് | 100 | പൂർത്തീകരിച്ചു | 8739329/- |
| 2024-25 | കിൻഫ്ര ഔട്ടർ റോഡ് നവീകരണം (കഠിനംകുളം) | 45.9 | പൂർത്തീകരിച്ചു | ബില്ല് തയ്യാറാക്കുന്നു |
| 2025-26 | വെട്ടുതുറ മുതൽ സെന്റ് ആൻഡ്രൂസ് പുത്തൻതോപ്പ് റോഡ് | 46.7 | സാങ്കേതികാനുമതി നൽകി | - |